# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 822 — 20.03.2013 - ൽ മറുപടിക്ക്

## കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കടുത്ത വരൾച്ചയിലും ജല അതോറിറ്റി ഏറ്റെടുത്ത കുടിവെള്ള പദ്ധതികളുടെ നിർമ്മാണം അനിശ്ചിതമായി നീണ്ടു പോകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കഴിഞ്ഞ 10 വർഷത്തിനിടെ ഭരണാനുമതി ലഭിച്ച നിരവധി ശുദ്ധജല പദ്ധതികളുടെ നിർമ്മാണം നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ കഴിഞ്ഞ 10 വർഷത്തിനിടെ ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ പൂർത്തീകരിക്കുവാൻ സാധിക്കാത്ത ശുദ്ധ ജല പദ്ധതികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (സി) അനുബന്ധമായി ചേർക്കുന്നു. |
| (ഡി) പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണം ഈ വേനൽക്കാലത്ത് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നറിയിക്കുമോ; എങ്കിൽ ആയത് ഏതൊക്കെ പദ്ധതികളെന്ന് വ്യക്തമാക്കുമോ; | (ഡി) താഴെപ്പറയുന്ന പ്രവൃത്തികൾ ഈ വേനൽ കാലത്ത് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>1. കല്ലറ - പാങ്ങോട് വില്ലേജുകൾക്കു വേണ്ടിയുള്ള ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി<br>2. പനവൂർ-പുല്ലമ്പാറ-വെമ്പായം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി<br>3. വർക്കല ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി ഘട്ടം-1<br>4. ചെന്നിർക്കര മെഴുവേലി പദ്ധതി<br>5. കരിപ്ര ശുദ്ധജലവിതരണ പദ്ധതി<br>6. കുണ്ടറ ശുദ്ധജലവിതരണ പദ്ധതി<br>7. കുറ്റൂർ പദ്ധതി<br>8. തൃക്കൂർ - കല്ലൂർ ശുദ്ധജലവിതരണ പദ്ധതി<br>9. ഊരകത്തിനും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി |

കൂടാതെ താഴെപ്പറയുന്ന പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

1. പായിപ്ര-നെല്ലിക്കുഴി ശുദ്ധജലവിതരണ പദ്ധതി
2. ആമ്പല്ലൂർ-എടക്കാട്ട് വയൽ - ഉദയം പേരൂർ ശുദ്ധജലവിതരണ പദ്ധതി
3. ഏലപ്പാറയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള ശുദ്ധജലവിതരണ പദ്ധതി
4. ആലക്കോടിനും സമീപ വില്ലേജുകൾക്കുമുള്ള ശുദ്ധജലവിതരണ പദ്ധതി
5. പാറക്കടവ് - കുന്നുകര പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി.

(ഇ) ആറ്റുകാൽ പൊങ്കാലയുടെ തലേദിവസം തലസ്ഥാനത്ത് നാലിടത്ത് ഒരുമിച്ച് ശുദ്ധജല വിതരണ പൈപ്പുകൾ പൊട്ടിയ സാഹചര്യം വില യിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാരണങ്ങൾ കൊണ്ടാണ് അപ്രകാരം സംഭവിച്ചത്; വിശദാംശം വ്യക്തമാക്കുമോ?

(ഇ) അടിക്കടി പൈപ്പുലൈനുകൾ പൊട്ടുന്നതിനെ സംബന്ധിച്ച് സർക്കാർ തല അന്വേഷണത്തിന് 01.03.2013-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 227/13/ ജവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. ആ കമ്മിറ്റിയുടെ ഘടന താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1. ശ്രീ.കെ.ജയകുമാർ (മുൻ ചീഫ് സെക്രട്ടറി) | - | ചെയർമാൻ |
| 2. ശ്രീ.പി.ചന്ദ്രശേഖർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് | | മെമ്പർ |
| 3. ശ്രീ.എബ്രഹാം ജേക്കബ്, ചീഫ് ടെക്നിക്കൽ എക്സാമിനർ | | മെമ്പർ |
| 4. ശ്രീ. റ്റി.സി.സുബ്രൻ, ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി | | മെമ്പർ |

പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. വകുപ്പുതല പരിശോധനയിൽ ഈ ഡിവിഷനുകളിലെ പൈപ്പുകളുടെ പൊട്ടൽ കൂടുതലും കോൺക്രീറ്റ് പൈപ്പിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ